LIBRARY ARCHIVES Kerala Legislative Assembly

ചിറക്കരത്താഴം ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

56 (237) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി രൂപീകൃതമായ ചിറക്കരത്താഴം ഗ്രാമപഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത പഞ്ചായത്തു പ്രദേശത്തെ വികസന പദ്ധതികൾ ഉടൻ നടപ്പിലാക്കുവാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ സമയബന്ധിതമായി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) മാതൃപഞ്ചായത്തായ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 3 ലക്ഷം രൂപ ചിറക്കരത്താഴം പഞ്ചായത്തിനു നൽകിയിട്ടുണ്ട്. കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 6,72,690 രൂപ നല്കിയിട്ടുണ്ട്. സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറെ സഹായിക്കുന്നതിനു ഒരു ക്ലാർക്ക് (എൽ.ഡി. ക്ലാർക്ക്/യു.ഡി. ക്ലാർക്ക്) പ്യൂൺ, ഒരു സ്വീപ്പർ എന്നിവരെ താൽക്കാലികമായി നിയമിക്കുന്നതിനു സർക്കാരിന്റെ 27-9-2005-ലെ 3943/05/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട പദ്ധതികളിലുൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്കു തീരുമാനിക്കാവുന്നതാണ്.

തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലുള്ള മത-വിദ്യാഭ്യാസ-ആതുരാലയ സ്ഥാപനങ്ങൾ

57 (238) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന വിവിധ ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ എന്നിവയുടെ ഉടമസ്ഥാവകാശം എങ്ങനെ അവർക്ക് സിദ്ധിച്ചുവെന്നും അവയുടെ സ്ഥലവിസ്തൃതി എത്രയെന്നും ഉടമസ്ഥരുടെ പേരുസഹിതം തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവ പാട്ടവ്യവസ്ഥയിലുള്ളതാണെങ്കിൽ എത്ര കാലത്തേക്കെന്നും എത്ര തുകയ്ക്കാണ് അവ നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഇങ്ങനെയുള്ള സ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട സ്ഥലത്തിനും നിലവിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.